# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2753 — 09.05.2017 ലെ മറുപടിക്ക്

## നഗരസഭകളിലെ നിയമവിരുദ്ധ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കെ.ആൻസലൻ<br>ശ്രീ.പി.കെ.ശശി | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വിവിധ നഗരസഭകളിൽ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രധാന വീഥിയോരങ്ങളിലും ജംഗ്ഷനുകളിലും നടക്കുന്ന നിയമവിരുദ്ധ നിർമ്മാണ പ്രവർത്തനങ്ങൾ തടയാൻ ആവശ്യമായ ജാഗ്രത പല മുനിസിപ്പാലിറ്റികളിലും ഉണ്ടാകുന്നില്ല എന്നത് പരിശോധിക്കുമോ; | (ബി) 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 157 പ്രകാരം നിയമവിരുദ്ധമായ നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും അവ സംബന്ധിച്ച റിപ്പോർട്ട് നൽകുന്നതിനുമായി ഓരോ ജില്ലയിലും ഒരു വിജിലൻസ് സ്ക്വാഡ് ഉണ്ടായിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം രൂപീകൃതമായ സ്ക്വാഡുകൾ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ അനധികൃത നിർമ്മാണങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (സി) നിയമലംഘകർക്ക് ഒത്താശ ചെയ്തു കൊടുക്കുന്നതായി ആക്ഷേപമുള്ള ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | (സി) ജീവനക്കാർ നിയമ ലംഘകർക്ക് ഒത്താശ ചെയ്തുകൊടുക്കുന്നതായി അന്വേഷണത്തിൽ കണ്ടെത്തുന്ന സാഹചര്യങ്ങളിൽ അവർക്കെതിരെ കർശന നടപടി സ്വീകരിയ്ക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ